REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 07-07-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ജനങ്ങൾക്ക് രാജ്യത്തെ ജുഡീഷ്യറിയിൽ അചഞ്ചലമായ വിശ്വാസമുണ്ടെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ.**
- **കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന നിപ ബാധിതയ്ക്ക് രണ്ടാം ഡോസ് മോണോക്ലോണൽ ആന്റിബോഡി നൽകിവരികയാണെന്ന് മന്ത്രി വീണാ ജോർജ്.**
- **കേരള സർവകലാശാലാ രജിസ്ട്രാറുടെ സസ്പെൻഷൻ റദ്ദാക്കിയ സിൻഡിക്കേറ്റ് നടപടിയിൽ ഗവർണർ റിപ്പോർട്ട് തേടി. ജോയിന്റ് രജിസ്ട്രാറെ താത്ക്കാലിക വൈസ് ചാൻസലർ സസ്പെൻഡ് ചെയ്തു.**
- **സംസ്ഥാനത്തെ സ്വകാര്യ ബസ് സമരം ഒഴിവാക്കാൻ പാലക്കാട്ട് ഗതാഗത കമ്മീഷണർ ഇന്ന് ബസ് ഉടമകളുമായി ചർച്ച നടത്തും.**
- **വായന പക്ഷാചരണ സമാപന സമ്മേളനം ഉച്ചയ്ക്ക് പത്തനംതിട്ടയിൽ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.**

## വാർത്തകൾ വിശദമായി

ജനങ്ങൾക്ക് രാജ്യത്തെ ജുഡീഷ്യറിയിൽ അചഞ്ചലമായ വിശ്വാസമുണ്ടെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ അഭിപ്രായപ്പെട്ടു. എറണാകുളം കളമശ്ശേരി നുവാൽസി-ൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു ഉപരാഷ്ട്രപതി.

വലിയ വെല്ലുവിളികളിലൂടെയാണ് അടുത്തകാലത്ത് ജുഡീഷ്യറി കടന്ന് പോയതെന്ന് അദ്ദേഹം വിലയിരുത്തി. ജുഡീഷ്യറിയിലെ അഴിമതിക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും ധൻകർ പറഞ്ഞു. ഡൽഹിയിൽ ജഡ്ജിയുടെ വീട്ടിൽ നിന്നും പണം കണ്ടെത്തിയ സംഭവത്തിൽ FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുമെന്ന് തന്നെയാണ് കരുതുന്നത്.

ജുഡീഷ്യറി സ്വതന്ത്രമായി പ്രവർത്തിക്കണമെന്ന് ആവശ്യപ്പെടുന്ന വ്യക്തിയാണ് താനെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. ഗവർണറുടെ ഭരണഘടനാ പദവിയുടെ വലിപ്പം എത്രത്തോളം വലുതാണെന്നും ഉപരാഷ്ട്രപതി സദസ്സിനെ ഓർമ്മപ്പെടുത്തി. നിയമ വിദ്യാർഥികൾ സാധാരണക്കാരുടെ ശബ്ദമാകണമെന്ന് ചടങ്ങിൽ സംസാരിച്ച ഗവർണർ രാജേന്ദ്ര അർലേക്കർ പറഞ്ഞു. മന്ത്രിമാരായ ഡോക്ടർ R ബിന്ദു, P രാജീവ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

രാവിലെ മോശം കാലാവസ്ഥ മൂലം ഗുരുവായൂരിൽ ഹെലികോപ്റ്ററിലിറങ്ങാൻ കഴിയാതെ വന്നതിനെ തുടർന്ന് ക്ഷേത്രദർശനം നടത്താതെ ഉപരാഷ്ട്രപതി കളമശ്ശേരിയിലേക്ക് പോവുകയായിരുന്നു.

✪✪✪

നിപ സ്ഥിരീകരിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന പാലക്കാട് സ്വദേശിനിയ്ക്ക് രണ്ടാം ഡോസ് മോണോക്ലോണൽ ആന്റിബോഡി നൽകിവരികയാണെന്ന് മന്ത്രി വീണാ ജോർജ് പാലക്കാട്ട് അറിയിച്ചു. ഇന്നലെ ആദ്യ ഡോസ് നൽകിയിരുന്നു. എന്നാൽ രോഗിയുടെ ഗുരുതരാവസ്ഥയിൽ കാര്യമായ മാറ്റമില്ലെന്നാണ് ഡോക്ടർമാർ അറിയിച്ചതെന്നും മന്ത്രി അവലോകനയോഗത്തിനുശേഷം മാധ്യമങ്ങളോടു പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

പാലക്കാട്ടെ രോഗിയുടെ സമ്പർക്കപ്പട്ടികയിൽ നിലവിൽ 173 പേരാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇവരിൽ 100 പേർ പ്രാഥമിക സമ്പർക്കം പുലർത്തിയവരും 73 പേർ പരോക്ഷ സമ്പർക്കം പുലർത്തിയവരുമാണ്. ഇവരിൽത്തന്നെ രോഗിയുമായി അടുത്തു പെരുമാറിയ 52 പേർ ഹൈറിസ്ക് പട്ടികയിലാണ്.

കഴിഞ്ഞ ദിവസം പരിശോധനയ്ക്കയച്ച അഞ്ച് സാമ്പിളുകളുടെ ഫലം നെഗറ്റീവാണ്. നാല് സാമ്പിളുകൾ മഞ്ചേരി മെഡിക്കൽ കോളജിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. അതിന്റെ ഫലം ഉച്ചയോടെ ലഭ്യമാകും.

പാലക്കാട്, മഞ്ചേരി മെഡിക്കൽ കോളജുകളിലായി 12 പേർ ഐസൊലേഷൻ വാർഡിലാണ്. രോഗിയുടെ മകനെ കോഴിക്കോട് മെഡിക്കൽ കോളജിൽ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

മേഖലയിലെ വവ്വാലുകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കാൻ കേന്ദ്രത്തിന്റെ അനുമതി തേടിയിട്ടുണ്ട്. രോഗബാധിത മേഖലയ്ക്ക് മൂന്ന് കിലോമീറ്റർ ചുറ്റളവ് ജില്ലാകളക്ടർ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

2,185 വീടുകളിൽ ആരോഗ്യപ്രവർത്തകർ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ചു. പാലക്കാട് ഗവ: മെഡിക്കൽ കോളജിൽ 24 മണിക്കൂറും കൺട്രോൾ സെല്ലും പ്രവർത്തിക്കുന്നുണ്ട്.

✪✪✪

കേരള സർവ്വകലാശാലാ രജിസ്ട്രാർ ഡോ.KS അനിൽകുമാറിന്റെ സസ്പെൻഷൻ സിൻഡിക്കേറ്റ് റദ്ദാക്കിയതിലും തിരികെ ചുമതലയേറ്റതിലും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് ആവശ്യപ്പെട്ടു. താത്കാലിക വൈസ് ചാൻസലർ സിസ തോമസിൽ നിന്നാണ് ഗവർണർ റിപ്പോർട്ട് തേടിയത്.

കേരള സർവ്വകലാശാലാ ജോയിന്റ് രജിസ്ട്രാർ P ഹരികുമാറിനെ താത്ക്കാലിക വൈസ് ചാൻസലർ ഇന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. മിനി കാപ്പന് രജിസ്ട്രാറുടെ പകരം ചുമതലയും താത്കാലിക VC നൽകി.

✪✪✪

നാളത്തെ സ്വകാര്യ ബസ് സമരം ഒഴിവാക്കാൻ ഗതാഗത കമ്മീഷണർ ഇന്ന് പാലക്കാട്ട് ബസ്സുടമകളുമായി ചർച്ച നടത്തും. ചർച്ച വിജയിച്ചില്ലെങ്കിൽ മന്ത്രിതല ചർച്ച നടത്താനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കൺസെഷൻ വർധിപ്പിക്കണമെന്നതടക്കം ആവശ്യങ്ങൾ ഉന്നയിച്ചാണ് ബസ്സുടമകൾ പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്.

✪✪✪

അമേരിക്കൻ വിരുദ്ധ നിലപാടെടുക്കുന്ന ബ്രിക്സ് രാജ്യങ്ങൾക്ക് മേൽ പത്ത് ശതമാനം അധിക തീരുവ ചുമത്തുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. അമേരിക്കൻ നികുതി വർധനയ്ക്കെതിരെ ബ്രിക്സ് നേതാക്കൾ ആശങ്ക ഉയർത്തിയതിനു പിന്നാലെയാണ് ട്രംപിന്റെ പ്രഖ്യാപനം.

✪✪✪

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേം കാലം ചെയ്തു. അദ്ദേഹത്തിന് 85 വയസ്സായിരുന്നു. തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം.

✪✪✪

തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ രണ്ടു ഡോക്ടർമാർ അടക്കം ഒൻപത് ജീവനക്കാരിൽ ക്ഷയരോഗ ബാധ കണ്ടെത്തി. ആരോഗ്യവകുപ്പിന്റെ IGRA പരിശോധനയിലാണ് ഒൻപത് പേർ പോസിറ്റിവാണെന്ന് കണ്ടത്തിയത്. ഇതിൽ രണ്ട് ലൈവ് സ്റ്റോക്ക് ഇൻസ്പെകർമാരും അഞ്ച് തൊഴിലാളികളും ഉൾപ്പെടുന്നു. രോഗ ലക്ഷണങ്ങൾ പുറമെ കാണിക്കാത്ത ലേറ്റൻഡ് TB ബാധയെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ചിലയിടങ്ങളിൽ കനത്ത മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എന്നാൽ ഒരിടത്തും ജാഗ്രതാ നിർദേശം നൽകിയിട്ടില്ല.

തീരമേഖലയിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് മറ്റന്നാൾ വരെ കർണാടക തീരത്ത് മീൻപിടുത്തത്തിന് പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്ന് കടലിൽ പോയി കാണാതായ മീൻപിടുത്ത ബോട്ട് ശ്രീലങ്കയിൽ കണ്ടെത്തിയതായി ദ്വീപ് - ഫിഷറീസ് വകുപ്പ് സ്ഥിരീകരിച്ചു. ഗാലക്സിയെന്ന ബോട്ടിലെ നാല് തൊഴിലാളികളും സുരക്ഷിതരാണ്.

✪✪✪

ലോക ബോക്സിംഗ് കപ്പ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാ താരങ്ങളും ഒളിമ്പ്യന്മാരുമായ ജെയ്സ്മിൻ ലംബോഡിയ, സാക്ഷി, നൂപുർ എന്നിവർ സ്വർണം സ്വന്തമാക്കി. ഇതോടെ ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണമടക്കം 11 മെഡൽ ഇന്ത്യൻ താരങ്ങൾ നേടി. 31 രാജ്യങ്ങളിലെ 400-ഓളം ബോക്സർമാർ കസാക്കിസ്ഥാനിലെ അസ്റ്റാനയിൽ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തിരുന്നു.

✪✪✪

വായന പക്ഷാചരണ സമാപന സമ്മേളനം ഉച്ചയ്ക്ക് പത്തനംതിട്ടയിൽ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ മഹനീയ

നേതാവ് P.N. പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ I.V.ദാസിന്റെ ജന്മദിനമായ ജൂലൈ ഏഴു വരെ സംസ്ഥാന ഗവൺമെന്റും, സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ചേർന്നാണ് വായനാ പക്ഷാചരണം സംഘടിപ്പിച്ചത്.

✪✪✪

സ്കൂളുകളുടെ ഓരോ വളർച്ചയും കുട്ടികളുടെ നല്ല ഭാവിക്ക് ഗുണകരമാകണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. ബേപ്പൂർ ഗവൺമെന്റ് ഹയസെക്കന്ററി സ്കൂൾ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ' ഇടം ' എന്ന പേരിൽ തുടങ്ങിയ സ്ത്രീ സൗഹൃദ വിശ്രമകേന്ദ്രവും മന്ത്രി സ്കൂളിന് സമർപ്പിച്ചു.

കോഴിക്കോട് ജില്ലയിലെ വന്യജീവി പ്രശ്നം സംബന്ധിച്ച് ഉച്ച കഴിഞ്ഞ് കളക്ട്രേറ്റിൽ ചേരുന്ന യോഗത്തിൽ മന്ത്രി പങ്കെടുക്കും.

✪✪✪

കേരളത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാന ഗവൺമെന്റ് തകർക്കുകയാണെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ കുറ്റപ്പെടുത്തി. സ്വകാര്യ ലോബിക്ക് വേണ്ടി ബോധപൂർവമായ നടപടി ആണിതെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. മന്ത്രി വീണാ ജോർജ് രാജിവെക്കണമെന്നാവശ്യപ്പെട്ട് BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റി ജില്ലാ ആശുപത്രിയിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.താളികാവ് മാരാർജി ഭവന് മുന്നിൽ നിന്നാരംഭിച്ച മാർച്ച് ആശുപത്രിക്കു മുന്നിൽ പോലീസ് തടഞ്ഞു.

കണ്ണൂർ സൗത്ത് ജില്ലാ കമ്മറ്റിയുടെ മാർച്ച് വാടിക്കലിൽ BJP മേഖല പ്രസിഡണ്ട് TP ജയചന്ദ്രനും ഉദ്ഘാടനം ചെയ്തു. തലശ്ശേരി ജനറൽ ആശുപത്രിയിലേക്കായിരുന്നു മാർച്ച്.

✪✪✪

സംസ്ഥാന ഗവൺമെന്റിനെതിരെ കോൺഗ്രസ് സംഘടിപ്പിക്കുന്ന പ്രതിഷേധങ്ങളുടെ ഭാഗമായി കോഴിക്കോട് DCC-യുടെ സമര സംഗമം ഉച്ച കഴിഞ്ഞ് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും. UDF കൺവീനർ അടൂർ പ്രകാശ്, MP-മാരായ MK രാഘവൻ, ഷാഫി പറമ്പിൽ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ഈ വർഷത്തെ പ്രവാസി ദോഹ -ബഷീർ പുരസ്കാരം പ്രമുഖ സാന്ത്വന ചികിത്സാ വിദഗ്ധനും WHO കൊളാബറേറ്റിംഗ് സെന്ററിന്റെ ഡയറക്ടറുമായ

ഡോക്ടർ K സുരേഷ്കുമാറിന് നൽകും. സാന്ത്വന ചികിത്സയുടെയും വയോജന പരിചരണത്തിന്റെയും രംഗത്ത് കേരള മാതൃക സൃഷ്ടിച്ചതിന്റെ പേരിലാണ് സുരേഷ്കുമാറിനെ പുരസ്കാരത്തിന് തെരഞ്ഞെടുത്തതെന്ന് എഴുത്തുകാരൻ വൈശാഖൻ ചെയർമാനായ ജൂറി അറിയിച്ചു. അൻപതിനായിരം രൂപയും ശിൽപ്പവും അടങ്ങിയ പുരസ്കാരം സെപ്തമ്പറിൽ സമ്മാനിക്കും.

✪✪✪

കണ്ണൂർ സിറ്റി സൈബർ പൊലീസ് അന്വേഷണത്തിൽ തിരിച്ചുപിടിച്ച 33 മൊബൈൽ ഫോണുകൾ കണ്ണൂർ സിറ്റി പൊലീസ് കമ്മീഷണറുടെ ഓഫീസിൽ ഉടമകൾക്ക് കൈമാറി. സൈബർ സെല്ലിൽ ലഭിച്ച പരാതികളിലെ അന്വേഷണത്തിലാണ് ഫോണുകൾ കണ്ടെത്തിയത്.

✪✪✪

കണ്ണൂർ കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട ഇളമാങ്കൽ ഭാഗത്ത് കാട്ടാന ഇറങ്ങി. വനംവകുപ്പിന്റെ നേതൃത്വത്തിൽ ആനകളെ കാടുകയറ്റാൻ നടപടി ആരംഭിച്ചു.

✪✪✪

താമരശ്ശേരി ചുരം ഒമ്പതാം വളവിന് സമീപം പുലർച്ചെ ലോറി മറിഞ്ഞു. അപകടത്തിൽ ആർക്കും പരിക്കില്ല. ചുരം ഇറങ്ങുകയായിരുന്ന ചരക്ക് ലോറിയാണ് റോഡിൽ നിന്ന് തെന്നിമാറി അരികിലേക്ക് മറിഞ്ഞത്.

✪✪✪